# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 987 — 12.06.2014 ൽ മറുപടിയ്ക്ക്

## ലാഭകരമല്ലാത്ത സർക്കാർ സ്കൂളുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എ.എ. അസീസ് | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) | സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ആദായകരമല്ലെന്ന് കണ്ടെത്തിയ എത്ര സ്കൂളുകളാണ് നിലവിലുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | 2012-13 വർഷത്തെ കണക്കനുസരിച്ച് സംസ്ഥാനത്ത് സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ആദായകരമല്ലാത്ത 2413 സ്കൂളുകളുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി) | ആദായകരമല്ലാത്ത സ്കൂളുകൾ കണ്ടെത്തിയ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം V ചട്ടം 22എ അനുസരിച്ച് ഒരു ക്ലാസ്സിൽ ശരാശരി 25 ൽ. താഴെ കുട്ടികൾ പഠിക്കുന്ന സ്കൂളുകളെയും തമിഴ്, കന്നട മീഡിയം പഠിപ്പിക്കുന്ന സ്കൂളുകളിൽ ഒരു ക്ലാസ്സിൽ ശരാശരി 15 ൽ താഴെ കുട്ടികൾ ഉള്ളവയെയും ആണ് ആദായകരമല്ലാത്ത സ്കൂളുകൾ എന്ന് കണ്ടെത്താൻ ഉപയോഗിച്ച മാനദണ്ഡം. |
| (സി) | ആദായകരമല്ലാത്ത സ്കൂളുകളെ ആദായകരമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | 1) എസ്.എസ്.എ., ആർ.എം.എസ്.എ. എന്നീ പ്രോജക്ടുകളുടെ ഫണ്ടുകൾ ഉപയോഗിച്ച് സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി ശിശു സൗഹൃദ വിദ്യാലയ അന്തരീക്ഷം ഉറപ്പാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

2) വിദ്യാർത്ഥികൾക്ക് ഉച്ച ഭക്ഷണം, യൂണിഫോം പാഠപുസ്തകം എന്നിവ സൗജന്യമായി വിതരണം ചെയ്യുന്നു.
3) കൂടുതൽ കുട്ടികളെ പൊതു വിദ്യാലയങ്ങളിലേക്ക് ആകർഷിക്കുന്നതിനായി തദ്ദേശ സ്വയംഭരണം സ്ഥാപനങ്ങളുടെ സഹകരണത്തോടെ സാമൂഹിക പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുള്ള സ്കൂൾതല പ്രവർത്തനങ്ങൾ നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | ജില്ല | സ്കൂളിന്റെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 281 |
| 2 | കൊല്ലം | 220 |
| 3 | പത്തനംതിട്ട | 215 |
| 4 | ആലപ്പുഴ | 222 |
| 5 | കോട്ടയം | 250 |
| 6 | ഇടുക്കി | 122 |
| 7 | എറണാകുളം | 274 |
| 8 | തൃശ്ശൂർ | 116 |
| 9 | പാലക്കാട് | 139 |
| 10 | മലപ്പുറം | 106 |
| 11 | കോഴിക്കോട് | 136 |
| 12 | വയനാട് | 63 |
| 13 | കണ്ണൂർ | 146 |
| 14 | കാസർഗോഡ് | 123 |
| | ആകെ | 2413 |

Chitra
S.O